പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3930 31-01-14-ൽ മറുപടിക്ക്.

ഭവന നിർമ്മാണ വകുപ്പിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ. | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ വകുപ്പിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; | (എ) & (ബി) ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31/12/2013 - ൽ അവസാനിച്ചു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ/ഹയർ പർച്ചേസിലെ നടപ്പ് അക്കൗണ്ടുകളിൽ ദുർബല വരുമാന വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് പിഴപലിശയും മുടക്കപലിശയും പൂർണ്ണമായും ഒഴിവാകും. താഴ്ന്നവരുമാനം/ ഇടത്തരം വരുമാന വിഭാഗം ഉപഭോക്താക്കൾക്ക് പിഴപ്പലിശ പൂർണ്ണമായും, മുടക്കപലിശ 70% - വരെയും ഇളവ് ലഭിക്കും. ഉയർന്ന വരുമാനവിഭാഗക്കാർക്ക് പിഴപലിശ പൂർണ്ണമായും മുടക്കപെലിശയുടെ 50%വും ഒഴിവാകും. വായ്പാ തുക മുഴുവൻ അടച്ച് ബാദ്ധ്യത തീർക്കുന്ന വർക്ക് ബാക്കി നിൽക്കുന്ന മുതലിൽ 5% കിഴിവ് അനുവദിക്കും. കൃത്യമായി മാസത്തവണ അടയ്ക്കുന്നവർക്ക് പലിശ നിരക്കിൽ 0.5% കിഴിവ് അനുവദിക്കും. കുടിശ്ശിക പൂർണ്ണമായും അടച്ച് തീർക്കുന്നവർക്കും ബാക്കി മുതൽ മുൻകൂറായി അടച്ച് തീർക്കുന്ന- |

വർക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ട് . റവന്യൂ റിക്കവറി കേസുകളിലും മേൽ ആനുകൂല്യങ്ങൾ ബാധകമാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3931 — 31-01-14-ൽ മറുപടിക്ക്.

ഭവന നിർമ്മാണ ബോർഡ് എഴുതിത്തള്ളിയ വായ്പാ തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എത്ര പേരുടെ ഭവന നിർമ്മാണ വായ്പയാണ് എഴുതിത്തള്ളിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം താഴെപറയുന്ന പ്രകാരം ഭവന നിർമ്മാണ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

(1) മൈത്രി ഭവന വായ്പ പദ്ധതി -
08/11/2011-ലെ സ.ഉ (എം.എസ്) 34/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 38384 ഗുണഭോക്താക്കളുടെ കുടിശ്ശിക തുക എഴുതിത്തള്ളുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2117 |
| കൊല്ലം | - | 1186 |
| ആലപ്പുഴ | - | 4435 |
| പത്തനംതിട്ട | - | 1301 |
| കോട്ടയം | - | 5012 |
| ഇടുക്കി | - | 1380 |
| എറണാകുളം | - | 5324 |
| തൃശ്ശൂർ | - | 1596 |
| പാലക്കാട് | - | 1511 |
| മലപ്പുറം | - | 1925 |
| കോഴിക്കോട് | - | 4250 |
| വയനാട് | - | 2188 |
| കണ്ണൂർ | - | 4509 |
| കാസർഗോഡ് | - | 1650 |
| ആകെ | - | 38384 |

(2) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രോഗികളും അശരണരു-മായവരുടെ വ്യക്തിഗത വായ്പാ ഇനത്തിൽ 28 പേരുടെ കുടിശ്ശിക തുക എഴുതിത്തള്ളുക-യുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 10 |
| ആലപ്പുഴ | - | 3 |
| പത്തനംതിട്ട | - | 3 |
| എറണാകുളം | - | 4 |
| തൃശ്ശൂർ | - | 1 |
| മലപ്പുറം | - | 1 |
| കോഴിക്കോട് | - | 4 |
| കണ്ണൂർ | - | 2 |
| ആകെ | - | 28 |

(ബി) ആകെ എത്ര രൂപയാണ് എഴുതിത്തള്ളിയതെന്ന് അറിയിക്കുമോ;

(ബി)

| | | |
|---|---|---|
| മൈത്രീ ഭവന പദ്ധതി | - | 137.94 കോടി രൂപ |
| രോഗികളും അശരണരു - മായ വ്യക്തിഗത വായ്പ | - | 75.68 ലക്ഷം രൂപ |
| മൊത്തം | - | 213.62 കോടി രൂപ |

(സി) കടക്കെണിയിലായ മുഴുവൻ പേരുടെയും വായ്പാ തുക എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി) ഭവന നിർമ്മാണ ബോർഡിൽ നിന്നും ഭവന വായ്പ എടുത്തിട്ട് തിരിച്ചടയ്ക്കാൻ സാധിക്കാത്തവരുടെ കടം എഴുതിത്തള്ളാൻ നിർവ്വാഹമില്ല.ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്താണ് ബോർഡ് പല പദ്ധതികളും നടപ്പിലാക്കി വരുന്നത്. ബോർഡിൽ നിന്നും വായ്പ സ്വീകരിച്ചവർ അത് തിരിച്ചടയ്ക്കാതിരുന്നാൽ ബോർഡിന് വൻസാമ്പത്തിക പ്രതിസന്ധിയാണുണ്ടാകുന്നത്. ബോർഡ് വായ്പ നൽകിയവരിൽ ഉയർന്ന വരുമാനക്കാരും, ഇടത്തരം വരുമാനക്കാരും താഴ്ന്ന വരുമാനക്കാരും, ദുർബല വരുമാന വിഭാഗക്കാരും ഉണ്ട്. ഇതിൽ ദുർബല വരുമാനത്തിൽ ഉൾപ്പെട്ട വായ്പക്കാരുടെയും, ഇടത്തരം/ഉയർന്ന വരുമാന വിഭാഗത്തിൽപ്പെട്ട രോഗികളും അശരണരുമായ വായ്പാക്കാരുടെയും കുടിശ്ശിക വിവിധ സർക്കാർ ഉത്തരവുകൾ മുഖാന്തിരം ബോർഡ് എഴുതിത്തള്ളിയിട്ടുണ്ട്. എന്നാൽ വായ്പ സ്വീകരിച്ച ശേഷം വായ്പ അടയ്ക്കുവാൻ ആസ്തിയുണ്ടായിട്ടും യാതൊരു ഉത്തരവാദിത്വവുമില്ലാതെ തിരിച്ചടവിൽ വീഴ്ചവരുത്തിയ മുഴുവൻ വായ്പക്കാരുടെയും കുടിശ്ശിക എഴുതിത്തള്ളാൻ ബോർഡിന് യാതൊരു നിർവ്വാഹവുമില്ലാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി മുഖാന്തിരം കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ബോർഡ് നടപടി സ്വീകരിച്ചുവരുകയുമാണ്.

സെക്ഷൻ ഓഫീസർ